"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മലപ്പുറം, ഏറനാട് താലൂക്കിലെ പുൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 ൽ റീസർവെ 111/ 11ൽ പെട്ടതും, അന്യം നില്പ് ആക്ട് പ്രകാരം ഏറ്റെടുത്തതുമായ 60 സെന്റ് ഭൂമി, സ്റ്റേഡിയം നിർമ്മിക്കുന്നതിനായി, പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന് നിരുപാധികം പതിച്ച് നൽകിയ ഉത്തരവ്- വ്യക്തത വരുത്തി പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

G.O.(Ms) No.178/2026/RD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-
1. 12/03/2018 ലെ സ.ഉ. (കൈ ) നം. 99/2018 റവ
2. 26/10/2025 ലെ സ.ഉ. (കൈ ) നം. 312/2025 റവ
3. 05/01/2026 ലെ ലാൻഡ് റവന്യൂ കമ്മിഷണറുടെ LR/8047/ 2025-LR(J5) നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ല, ഏറനാട് താലൂക്കിലെ പുല്പറ്റ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 ൽ റീസർവെ 111/ 11ൽ പെട്ടതും, അന്യം നില്പ് ആക്ട് പ്രകാരം ഏറ്റെടുത്തതുമായ 60 സെന്റ് ഭൂമി പുല്പറ്റ ഗ്രാമ പഞ്ചായത്തിന് സ്റ്റേഡിയം നിർമ്മിയ്ക്കുന്നതിനായി വിട്ടു കൊടുത്തും, പകരം റീസർവെ നമ്പർ 366/2 ൽ പെട്ട 180 സെന്റ് പഞ്ചായത്ത് വക സ്ഥലം സർക്കാരിനു കൈമാറുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത 60 സെന്റ് ഭൂമി പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി വ്യവസ്ഥകളില്ലാതെ നിരുപാധികമായി വിട്ട് നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ഈ കേസിൽ പട്ടയം അനുവദിക്കാവുന്നതാണോ എന്നതിൽ വ്യക്തത വരുത്തണമെന്ന് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള ഭൂമി സർക്കാർ പേരിൽ വകയിരുത്തിയിട്ടുള്ളതും ആയതു പട്ടയം നല്കാൻ വിനിയോഗിച്ചിട്ടുള്ളതുമായ സാഹചര്യത്തിലും, ഭൂമി പരസ്പരം കൈമാറുന്ന വിഷയമായതിനാൽ പാട്ടത്തിനു നൽകുന്നത് ഉചിതമല്ലാത്തതിനാലും, പഞ്ചായത്ത് വക സ്ഥലം സർക്കാരിനു വിട്ടുനൽകിയതിനു പകരമായി, പുല്പറ്റ പഞ്ചായത്ത് കൈമാറുന്ന ഭൂമിയുടെ മൂല്യം കമ്പോള വിലയായി (180x27,980/-) കണക്കാക്കികൊണ്ട് (തുക ഈടാക്കേണ്ടതില്ല) മലപ്പുറം, ഏറനാട് താലൂക്കിലെ പുല്പറ്റ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 ൽ റീസർവെ 111/ 11ൽ പെട്ടതും, അന്യം നില്പ് ആക്ട് പ്രകാരം ഏറ്റെടടത്തുമായ 60 സെന്റ് ഭൂമി, പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നിരുപാധികം പതിച്ച് നൽകാവുന്നതാണ് എന്ന് വ്യകതത വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA A I A S
ADDITIONAL SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം (ഇത് സംബന്ധിച്ച നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി)
സെക്രട്ടറി, പുല്പറ്റ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 13-05-2026 14:05:12

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ